## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 645 — 27/04/2017-ലെ മറുപടിയ്ക്ക്

**പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ, പീഡനങ്ങൾ, കൊലപാതകങ്ങൾ, കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എന്നിവ എത്രയെണ്ണമാണെന്നു വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. കൊലപാതകങ്ങൾ - 10<br>2. സ്ത്രീപീഡനം -568<br>3. കുട്ടികൾക്കെതിരെയുള്ള അതിക്രമം -167<br>4. മറ്റുകേസുകൾ -2293<br><br>പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. (1) |
| (ബി) ഇവ തടയുവാനും ഇവരെ സംരക്ഷിക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഈ സർക്കാരിന്റെ കാലത്ത് ആയതു സംബന്ധിച്ച കണക്കുകൾ എത്ര എന്നും വ്യക്തമാക്കുമോ? | (ബി) അതിക്രമത്തിന് ഇരയാകുന്നവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം സമാശ്വാസ ധനസഹായം നൽകിവരുന്നു. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നു.പുനരധിവാസം ആവശ്യമുള്ള കേസുകളിൽ ഭൂമി, വീട് എന്നിവയും അനുവദിക്കുന്നുണ്ട്. എല്ലാ മൂന്നുമാസത്തിലൊരിക്കൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം കൂടുകയും കേസുകൾ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. |

സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നുണ്ട്. കൂടാതെ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനായി കൊല്ലം, മലപ്പുറം, വയനാട് ജില്ലകളിൽ പ്രത്യേക കോടതികളും കാസർഗോഡ്, പാലക്കാട്, വയനാട് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ 189 കേസുകളും പട്ടികജാതി വിഭാഗത്തിൽ 636 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

| ജില്ല | അതിക്രമങ്ങൾ | പീഢനങ്ങൾ | കൊലപാതകങ്ങൾ | കുട്ടികൾക്കെതിരെയുള്ള പീഢനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 88 | 97 | 2 | 9 |
| കൊല്ലം | 217 | 47 | 4 | 14 |
| പത്തനംതിട്ട | 73 | 20 | 0 | 16 |
| ആലപ്പുഴ | 224 | 22 | 0 | 27 |
| കോട്ടയം | 93 | 0 | 0 | 3 |
| ഇടുക്കി | 85 | 0 | 0 | 0 |
| എറണാകുളം | 427 | 191 | 3 | 47 |
| തൃശൂർ | 62 | 148 | 0 | 34 |
| പാലക്കാട് | 202 | 0 | 0 | 0 |
| മലപ്പുറം | 397 | 0 | 1 | 10 |
| കോഴിക്കോട് | 152 | 0 | 0 | 0 |
| വയനാട് | 4 | 10 | 0 | 4 |
| കണ്ണൂർ | 133 | 33 | 0 | 3 |
| കാസർഗോഡ് | 136 | 0 | 0 | 0 |
| ആകെ | 2293 | 568 | 10 | 167 |

S.O